## ഡിസംബർ 2023

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

2023 ഡിസംബർ മാസം മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ സംബന്ധിച്ച് വളരെയധികം പ്രാധാന്യമുള്ള കാലയളവാണ്. നീണ്ട പന്ത്രണ്ട് വർഷങ്ങൾക്കു ശേഷം നമ്മുടെ സഭയിൽ മൂന്നു പുതിയ എപ്പിസ്കോപ്പാമാരെ കൂടി അഭിഷേകം ചെയ്യുന്നു. ഈ അവസരത്തിനായി ദൈവത്തെ സ്തുതിക്കാം. ഡിസംബർ മാസം 2-ാം തീയതി രാവിലെ 7.30 ന് തിരുവല്ല എസ്. സി. സ്കൂൾ മൈതാനത്ത് പ്രത്യേകം തയ്യാറാക്കുന്ന പന്തലിൽ വെച്ച് സ്ഥാനാഭിഷേകശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നു. നവംബർ 28 ന് ചരൽക്കുന്നിൽ ആരംഭിച്ച വാർഷിക വൈദിക സമ്മേളനം ഡിസംബർ 1 ന് രാവിലെ വിശുദ്ധ കുർബ്ബാനയോടെ സമാപിക്കുമ്പോൾ മൂന്ന് പുതിയ വികാരി ജനറാളന്മാരുടെ നിയോഗ ശുശ്രൂഷയും കൂടി നടത്തുവാൻ ദൈവത്തിലാശ്രയിച്ച് ക്രമീകരണം ചെയ്യുന്നു. ദൈവസഭയെ നയിക്കുവാൻ നേതൃത്വത്തെ ഉയർത്തുന്നത് ദൈവമാണ്. മാർത്തോമ്മാ സഭയെ ദൈവം സ്നേഹിക്കുന്നു എന്നതിന്റെ അടയാളങ്ങളിലൊന്നാണ് കാലാകാലങ്ങളിൽ ഈ സഭയെ നയിക്കുവാൻ ആവശ്യമായ നേതൃത്വത്തെ ദൈവം നമുക്ക് നൽകുന്നത്. സഭയുടെ ശുശ്രൂഷാസ്ഥാനങ്ങൾ അലങ്കാരത്തിന്റെയോ അധികാരത്തിന്റെയോ അടയാളങ്ങളല്ല. മറിച്ച് കാര്യവിചാരകത്വത്തിന്റെ അധികച്ചുമതലകളാണ്. ദൈവം നമ്മെ അധികത്തിന് വിചാരകരാക്കുമ്പോൾ, ആ ഉത്തരവാദിത്വം നിറവേറ്റേണ്ടത് സർവ്വശക്തനായ ദൈവത്തിന്റെ കൃപാവരങ്ങളിലൂടെയാണ്. ഈ നിയോഗ ശുശ്രൂഷകളുടെ അനുഗ്രഹത്തിനും ഇതിലൂടെ നിയോഗിതർ ദൈവകൃപ പ്രാപിക്കുന്നതിനും ഉയരത്തിൽ നിന്നുള്ള ശക്തിയാൽ സഭ ശക്തിപ്പെടുന്നതിനും ഏവരും നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കണം.

മാർത്തോമ്മാ സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ് എന്നതിൽ നാം അഭിമാനിക്കുന്നു. ഒപ്പം, നിയതമായ ഒരു ഭരണഘടന പ്രകാരം പ്രവർത്തിക്കുന്ന ഒരു ജനായത്ത സഭയുമാണ്. എപ്പിസ്കോപ്പസിയും ജനാധിപത്യ ഭരണക്രമവും തമ്മിൽ സമ്മേളിക്കുമ്പോഴുണ്ടാകുന്ന സാഹചര്യത്തിന്റെ സാധ്യതകളെപ്പറ്റിയും പരിമിതികളെപ്പറ്റിയും നാം ബോധവാന്മാരായിരിക്കണം. നമ്മുടെ സഭയിൽ എപ്പിസ്കോപ്പസിയും ജനാധിപത്യ ഭരണക്രമവും സംമ്യക്കായി സമ്മേളിച്ചിരിക്കുന്നു. ഇവ രണ്ടും തമ്മിൽ കരുതിയും ബഹുമാനിച്ചും മുൻപോട്ടു പോയതാണ് നവീകരണ സഭയുടെ ചരിത്രം. ഈ സഹജീവനം തുടർന്ന് കൊണ്ടുപോകേണ്ടത് ആവശ്യമാണ്. നമ്മുടെ സഭയിൽ എപ്പിസ്കോപ്പാമാരുടെ എണ്ണം കൂടുകയും ജനാധിപത്യ ബോധം വർദ്ധിക്കുകയും ചെയ്യുന്ന ഈ കാലത്ത് ദൈവരാജ്യത്തിന്റെ കെട്ടുപണിക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന ബോധ്യത്തോടെ ഒത്തൊരുമിച്ചു പ്രവർത്തിക്കുവാനുള്ള ദൈവകൃപ ഏവർക്കും ലഭിക്കണമേ എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥന. സഭാ ചരിത്രം പല സങ്കീർണതകളും ഉൾക്കൊള്ളുന്നതാണ്. ചരിത്രത്തിലെ രാഷ്ട്രീയ, സാമൂഹിക മാറ്റങ്ങൾ സഭയെ വ്യത്യസ്തമായ രീതിയിൽ സ്വാധീനിച്ചു. ഒപ്പം സഭക്കുള്ളിൽ തന്നെ ഉയർന്നുവന്നിട്ടുള്ള പാഷണ്ഡതകൾ സഭയെ ഏറെ ബുദ്ധിമുട്ടിച്ചിട്ടുമുണ്ട്. നമ്മുടെ സഭയുടെ ചരിത്രത്തിൽ തന്നെ എത്രയോ കോടതി വ്യവഹാരങ്ങളും ഒറ്റപ്പെടലുകളും ഒക്കെ നാം അനുഭവിച്ചിട്ടുണ്ട്. എന്നാൽ അവിടെയെല്ലാം ദൈവത്തിന്റെ അതിശയ വഴികളും അളവറ്റ പരിപാലനവും അനുഭവിച്ചറിഞ്ഞ സഭയാണ് നമ്മുടേത്. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന കർത്തൃവചനം സ്മരിക്കാം. കാലത്തിന്റെ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ പുതിയ എപ്പിസ്കോപ്പാമാർക്കാവട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം. ഒന്നുമില്ലായ്മയിൽ നമ്മെ കൈപിടിച്ച് നടത്തിയ ദൈവത്തെ നമുക്കോർക്കാം. ഒരു പുതു സമർപ്പണത്തിന്റെ ദിവസങ്ങളായി ഈ ദിനങ്ങൾ മാറട്ടെ. നന്ദിയോടെ ദൈവസന്നിധിയിൽ നമ്മെ തന്നെ സമർപ്പിക്കാം.

സഭയിലെ പട്ടക്കാരുടെ വാർഷിക കൂടിവരവിന്റെ പ്രധാന ചിന്താവിഷയം 'വർത്തമാനകാല യുവത: ദർശനം, വീക്ഷണം, ഇടയ ശുശ്രൂഷയുടെ പ്രതിസ്പന്ദനങ്ങൾ' എന്നതത്രേ. ലോകത്തിൽ ഏറ്റവും കൂടതൽ യുവജനങ്ങൾ ഇന്ത്യയിലാണ്. എന്നാൽ അവരെ വേണ്ടതുപോലെ ഉൾകൊള്ളുവാനുള്ള സാദ്ധ്യതകൾ നമ്മുടെ രാജ്യത്തു നിലനിൽക്കുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമായതിനാൽ നമ്മുടെ യുവജനങ്ങൾ പൊതുവെ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുവാൻ വെമ്പുന്നു. രാജ്യത്തു നിലനിൽക്കുന്ന രാഷ്ട്രീയ സാമൂഹിക സ്ഥിതിഗതികളും അവരുടെ കുടിയേറ്റത്തിന് ഒരു പ്രധാന കാരണമാണ്.

കുടിയേറ്റം അനിവാര്യമായ ഒരു പ്രക്രിയയായി മാത്രമേ നമുക്ക് കാണുവാൻ കഴിയുകയുള്ളു. കുടിയേറ്റത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മാനങ്ങൾ നാം വിലയിരുത്തണം. എന്നാൽ യുവജനങ്ങളോടുള്ള സഭയുടെ പൊതുവായ മനോഭാവം എന്ത് എന്ന് ചിന്തിക്കേണ്ടതാവശ്യമാണ്. ഉത്തരവാദിത്വമുള്ള ഒരുതലമുറയായി അവർ രൂപപ്പെടുവാനാവശ്യമായ ആത്മീയ, ഭൗതീക

സാഹചര്യങ്ങൾ ഒരുക്കുവാൻ സഭയ്ക്കു ബാധ്യത യുണ്ട്. നോർത്ത് അമേരിക്ക, യൂറോപ്പ്, ഗൾഫ് മേഖലകൾ എന്നിവിടങ്ങളിലുള്ള യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിന് കൂടുതൽ യൂത്ത് ചാപ്ലയിന്മാരെ നിയമിക്കേണ്ടത് ആവശ്യമാണ്. ഇന്ത്യയിൽത്തന്നെയും പട്ടണ ഇടവകകളിലും ഇത്തരത്തിലുള്ള ക്രമീകരണ ങ്ങൾ ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. തൊഴി ലില്ലായ്മ സംബന്ധിച്ച ഒരു ചോദ്യത്തിനുത്തരമായി, ഇന്ത്യയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഗണത്തിൽ ക്രിസ്തീയ യുവജനങ്ങളാണ് കൂടുതൽ എന്ന വസ്തുത ബന്ധപ്പെട്ട മന്ത്രി പാർലമെന്റിൽ ഉന്നയിച്ചതും ഗൗരവ ത്തോടെ നാം കാണണം.

ഇടയശുശ്രൂഷയിൽ കാലികമായ വ്യതിയാനങ്ങൾ ഇന്ന് ആവശ്യമാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറി യുന്നിടത്ത് മാത്രമെ അർത്ഥവത്തായ ശുശ്രൂഷ നിർവ്വ ഹിക്കുവാൻ സാധിക്കുകയുള്ളു. കാലഹരണപ്പെട്ട രീതി ശാസ്ത്രങ്ങൾക്കപ്പുറം പുത്തൻ വ്യാഖ്യാനങ്ങളും അർത്ഥ വത്തായ പ്രായോഗിക നിർദ്ദേശങ്ങളും എല്ലാ തലങ്ങ ളിലും ഉണ്ടാകണം. യുവത്വത്തിന്റെ പ്രശ്നങ്ങളോട് സംവദിക്കുന്ന ഇടയ ശുശ്രൂഷ കാലഘട്ടത്തിന്റെ ആവശ്യ മാണ്. ചിതറിപ്പോയതിനെ അന്വേഷിച്ചിറങ്ങുന്ന, ഒറ്റപ്പെട്ട തിനെ കൂട്ടിച്ചേർക്കുന്ന, ബലഹീനമായതിനെ ചേർത്ത് പിടിക്കുന്ന, ഒടിഞ്ഞതിന്റെ മുറിവ് കെട്ടുന്ന ഇടയ ശുശ്രൂഷ യുടെ മാനങ്ങളും മാതൃകകളുംഉണ്ടാകണം. പ്രവാസ ഭൂമിയിൽ എത്തപ്പെടുന്ന യുവജനങ്ങളുടെ ആശങ്കകളും അപരിചിതത്വങ്ങളും ഒരു പരിധിവരെ പരിഹരിക്കാനു തകുന്ന വിധം ഇടപെടേണ്ടതും സഭയുടെ ഉത്തരവാദി ത്വമാണ്.

പലസ്തീനും ഇസ്രായേലും തമ്മിലുള്ള സംഘർഷത്തിന് വേണ്ടരീതിയിൽ അയവൊന്നും ഉണ്ടായിട്ടില്ലെന്നത് അത്യന്തം ഉൽക്കണ്ഠാജനകമാണ്. യുദ്ധത്തിൽ നേരിട്ടിട പെടാത്ത അനേകം സ്ത്രീകളും കുഞ്ഞുങ്ങളും രോഗി കളുമാണ് ഇതിനകം മരിച്ചുവീണിട്ടുള്ളത്. ആശുപത്രി കളും സ്കൂളുകളും ആരാധനാലയങ്ങളുമെങ്കിലും പരി പാവനമായി കാണുവാൻ യുദ്ധത്തിന്റെ മദ്ധ്യത്തിലും ഇരുപക്ഷങ്ങൾക്കുമാകണം. ഗാസയിലെ ഏറ്റവും പ്രഗ ത്ഭരായ ഡോക്ടർമാരിൽ ഒരാളായ നെഫ്രോളജിസ്റ്റ് ഡോ. ഹമാം അല്ലോഹു തന്റെ വീടിന് നേരെ നടന്ന ബോംബാക്രമണത്തിൽ പിതാവിനൊപ്പം ചില ദിവസ ങ്ങൾക്കു മുമ്പ് കൊല്ലപ്പെട്ടു. എന്തുകൊണ്ടാണ് നിങ്ങളും നിങ്ങളുടെ കുടുംബവും ഗാസ വിട്ടു പോകാത്തതെന്ന ചോദ്യത്തിന്, മരണത്തിന് ചില ദിവസങ്ങൾക്ക് മുമ്പ് അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: “ഞാൻ പോയാൽ രോഗികളെ ആരു പരിപാലിക്കും? അവർ വൈദ്യസഹായം അർഹിക്കുന്ന മനുഷ്യരാണ്. എന്റെ സുരക്ഷിതത്വത്തെ ക്കുറിച്ച് ചിന്തിക്കാനും രോഗികളെ ഉപേക്ഷിക്കാനുമല്ല പതിനാല് വർഷങ്ങളിൽ കൂടുതൽ ഞാൻ മെഡിസിൻ പഠി ച്ചത്”. ഡോ. ഹമാം അല്ലോഹുവിന്റെ അവസാന സന്ദേശമാ യിരുന്നത്. ഇത് നമ്മെ ഏറെ ചിന്തിപ്പിക്കേണ്ട വാക്കുക ളാണ്.

അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ഡിസംബർ 10 ആഘോഷിക്കപ്പെടുമ്പോൾ യുദ്ധവും അതിന്റെ ദു രിതങ്ങളും പേറുന്ന ഒരുകൂട്ടം ആളുകളാണ് നമ്മുടെ മുമ്പിലുള്ളത്. ജീവിക്കുവാനുള്ള മൗലികാവകാശമാണ് യുദ്ധങ്ങളിലൂടെ നഷ്ടമാകുന്നത്. ഗാസയിലും യുക്രൈനി ലുമൊക്കെ മനുഷ്യർ മരിച്ചുവീഴുമ്പോൾ അവരുടെ വംശ – മത ബന്ധങ്ങളുടെ പേരിൽ കണക്കെടുപ്പുനടത്തി പക്ഷം ചേരുന്നവരായി നാം മാറിക്കഴിഞ്ഞു. യുദ്ധങ്ങൾ അവസാ നിപ്പിച്ചേ മതിയാവൂ. മാന്യതയോടുകൂടി ജീവിക്കുവാൻ എല്ലാവർക്കും അവകാശമുണ്ട്. രാജ്യങ്ങളുടെ ഭരണ ഘടനകളും അന്താരാഷ്ട്ര നിയമങ്ങളും ഇതിനു പര്യാ പ്തമാകണം. യുദ്ധത്തിന്റെ പേരിൽ നിരപരാധികളായ അനേകരെ, പ്രത്യേകിച്ചും കുഞ്ഞുങ്ങളെയും സ്ത്രീക ളെയും ഭിന്നശേഷിയുള്ളവരെയും കൊന്നൊടുക്കു മ്പോൾ, കൊല്ലുന്നതിനു ന്യായീകരണം കണ്ടെത്തി പക്ഷം ചേരുന്നത് ക്രിസ്തീയമല്ല എന്ന് തന്നെ വിശ്വസിക്കുന്നു. അത് രാജ്യങ്ങളായാലും വ്യക്തികളായാലും.

കർഷകരുടെ ആത്മഹത്യ ഇന്ത്യയിൽ ഒരു തുടർകഥ യാകുകയാണ്. രാജ്യത്തെ 260 ദശലക്ഷത്തിലധികം കർ ഷകത്തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകര മാണ്. ലഭ്യമായ കണക്കുകൾ പ്രകാരം കാർഷിക മേഖല യിൽ പ്രതിദിനം മുപ്പതോളം ആളുകൾ ആത്മഹത്യ ചെയ്യുന്നു; അമിതമായ കടമാണ് ആത്മഹത്യയ്ക്കുള്ള പ്രധാന കാരണം. കർഷകരുടെ വരുമാനം ഇരട്ടിയാക്കു മെന്ന് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിരുന്നുവെ ങ്കിലും കടക്കെണിയെ തുടർന്ന് രാജ്യത്ത് 2020-21 വർഷങ്ങ ളിലായി 10, 897 കർഷകർ ജീവനൊടുക്കിയെന്നാണ് റി പ്പോർട്ട്. കേരളത്തിലും ആത്മഹത്യകൾ വർദ്ധിക്കുന്നു എന്നത് ഏറെ ലജ്ജാകരമാണ്. ഇക്കാലയളവിൽ കേരള ത്തിൽ 91 കർഷകരാണ് ആത്മഹത്യ ചെയ്തതെന്നും ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റിന്റെ റിപ്പോർട്ടിൽ പറയുന്നു. ആത്മഹത്യ ചെയ്യുന്ന കർഷകരുടെ കുടുംബ ങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. കുടുംബ ബന്ധങ്ങ ളിലെ അസ്വാസ്ഥ്യങ്ങൾ, കടബാധ്യതകൾ എന്നിവ ആത്മ ഹത്യയുടെ ഒരു പ്രധാന കാരണമായി നാം മനസിലാ ക്കുന്നു. കർഷക കുടുംബങ്ങൾ നേരിടുന്ന ദുരന്തം ഭാരത ത്തിലെ സഭകൾ ഒരു വെല്ലുവിളിയായിക്കണ്ട് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രതീക്ഷകൾ നഷ്ടപ്പെടു ന്നവരാണ് സ്വയം കൊല്ലുവാൻ തയ്യാറാകുന്നത്. ഇനിയും പ്രതീക്ഷയ്ക്കു വകയുണ്ട് എന്ന് ഉത്ഘോഷിക്കുന്ന ഒന്നും കാണുവാൻ ഇവർക്ക് കഴിയുന്നില്ല. നഷ്ടബോധ്യ ത്തിൽ ജീവിക്കുന്നവർക്ക് ഉൾക്കരുത്ത് പകരേണ്ട ആത്മീയ പ്രസ്ഥാനങ്ങൾ സ്വയം ഉൾവലിഞ്ഞു നിസ്സഹായ രാകുന്നു. ഈ ആത്മഹത്യകൾ നമുക്ക് നേരെ വിരൽചൂ ണ്ടുന്നു എന്നത് ഏറെ വേദനയോടു നാം ഉൾകൊള്ള ണം. ഇത് നമ്മെ അസ്വസ്ഥരാക്കുകയും പുതിയ ദൗത്യ ബോധ്യങ്ങളിലേക്കു നയിക്കുവാൻ പ്രചോദകമാവുക യും ചെയ്തിരുന്നെങ്കിലെന്ന് ആശിക്കാം.

കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി അദ്ധ്യാപകൻ റവ.ഡോ.വി.എം. മാത്യു അഖില ലോക സഭാ കൗൺസിലിന്റെ Climate Justice and Sustainable Development കമ്മീഷനിലെ അംഗമായി നിയമി ക്കപ്പെട്ടു. പ്രശസ്ത സാഹിത്യ നിരൂപകനും കളമശ്ശേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗവുമായ പ്രഫ. എം. തോമസ് മാത്യു രാജ്യാന്തര പുസ്തകോത്സവ സമിതി യുടെ ബാലാമണിയമ്മ പുരസ്കാരത്തിന് അർഹനായി. ഇരുവരെയും സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോ

ത്സവത്തിൽ നമ്മുടെ ചേർക്കള മാർത്തോമ്മാ ബധിര വിദ്യാലയം വീണ്ടും മികവ് തെളിയിച്ചു. കേഴ്‌വി സംസാര പരിമിതരുടെ ഹൈസ്ക്കൂൾ വിഭാഗത്തിലും, ഹയർ സെക്കന്ററി വിഭാഗത്തിലും സ്പെഷ്യൽ സ്ക്കൂൾ വിഭാഗത്തിലും ഉന്നതമായ മികവ് നേടി എന്നത് അഭിമാനകരമാണ്. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും അഭിനന്ദിക്കുന്നു.

സഭാ ഭരണഘടനയുടെ സമഗ്ര പരിഷ്ക്കരണത്തിനായി സഭാ പ്രതിനിധി മണ്ഡലത്തിന്റെ ഒരു പ്രത്യേകയോഗം ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് 2024 ഫെബ്രുവരി 7, 8, 9 തീയതികളിൽ നടത്തപ്പെടുന്നു. സഭാ ഭരണഘടന കൂടുതൽ പഠനത്തിലൂടെയും ചർച്ചകളിലൂടെയും കാലികമാക്കുവാനുള്ള പരിശ്രമമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സമഗ്ര ഭേദഗതിയിൽ സഭാ ജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിന് അവസരം ലഭ്യമാക്കി. ഇനി അത് ക്രോഡീകരിക്കുന്നതിനുള്ള സമയമാണ്. വളരെ ഗൗരവത്തോടും ദീർഘവീക്ഷണത്തോടും പ്രാർത്ഥനയോടും നിർവ്വഹിക്കേണ്ട ഉത്തരവാദിത്വമാണിത്. സഭയുടെ കെട്ടുറപ്പിനും ദൗത്യനിർവ്വഹണത്തിനും കാലികമായ വളർച്ചയ്ക്കും ഇത് സഹായകരമാകണം. ആഗോള സഭയായി വളർന്നിരിക്കുന്ന മാർത്തോമ്മാ സഭ വിവിധ ദേശ, രാഷ്ട്രങ്ങളുടെ ഭരണസംവിധാനങ്ങളും നിയമവ്യവസ്ഥകളും മനസ്സിലാക്കി പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ സഭയുടെ മൂല്യാധിഷ്ഠിത ജനാധിപത്യ പ്രമാണങ്ങളെ കാത്ത് സൂക്ഷിക്കുന്നതിനും സാധിക്കണം. ഇതിന് നേതൃത്വം നല്കുന്ന ഏവരെയും ദൈവകരങ്ങളിലർപ്പിക്കാം. ദൈവാത്മപ്രേരണയിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ ദൈവം അവരെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നവംബർ മാസം 10-ാം തീയതി ആലുവ ശാന്തിഗിരിയിൽ വെച്ച് ബൈബിൾ സൊസൈറ്റി കേരള ഓക്സിലറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രവർത്തക സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും, ദൈവവചനത്തിന്റെ വ്യാപനത്തിൽ പങ്ക്ചേരുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് ബൈബിൾ സൊസൈറ്റി. മേരി ജോൺ എന്ന വെൽഷ് ബാലിക തന്റെ ദീർഘ വർഷങ്ങളുടെ സമ്പാദ്യം സ്വന്തമായി ഒരു ബൈബിൾ വാങ്ങുന്നതിന് വേണ്ടി മാറ്റിവെയ്ക്കുകയും അന്നത്തെ സാഹചര്യത്തിൽ ഏറെ ദുർലഭമായിരുന്ന വെൽഷ് ഭാഷയിലുള്ള വേദപുസ്തകം സ്വന്തമാക്കാൻ പരിശ്രമിക്കുകയും ചെയ്തതാണ് ഈ പ്രസ്ഥാനത്തിന് ആരംഭം കുറിക്കുവാൻ ഇടയായത്. 1804 ൽ സംഭവിച്ച ഒരു ചെറിയ തുടക്കം ഇന്ന് ലോകമെമ്പാടും വിവിധ ഭാഷകളിൽ ദൈവവചനം ലഭ്യമാക്കുന്ന പ്രസ്ഥാനമായി പരിണമിച്ചിരിക്കുന്നു. എല്ലാവരുടെയും ഹൃദയഭാഷയിൽ ലിപികളിലൂടെയോ, ശബ്ദത്തിലൂടെയോ ആംഗ്യഭാഷയിലൂടെയോ ദൈവത്തിന്റെ വചനം ഇന്ന് അധികമധികമായി ലഭ്യമായിക്കൊണ്ടിരിക്കുന്നു. എഴുതപ്പെട്ട വചനത്തിലൂടെ ജഡം ധരിച്ച ക്രിസ്തുവിനെ കാണുവാൻ നമുക്ക് ഇടയാകണം. കേവല പാരായണങ്ങൾക്കപ്പുറം ഗൗരവതരമായ ധ്യാനങ്ങളും വേദപഠനങ്ങളും ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യവും അനിവാര്യതയുമാണ്. അതിലേക്ക് ലോകത്തെ സജ്ജമാക്കുകയാണ് ബൈബിൾ സൊസൈറ്റിയുടെ ധർമ്മം. ഡിസംബർ 3 ഞായറാഴ്ച ബൈബിൾ സൊസൈറ്റി ദിനമായി ആചരിക്കുന്നു. വേദപുസ്തക സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ സഭയായി നമുക്ക് പങ്കുചേരാം.

സ്വയം മുറിവേറ്റ് മറ്റുള്ളവരുടെ മുറിവിനെ സൗഖ്യപ്പെടുത്തുന്ന ക്രിസ്തു നാഥന്റെ ജനനത്തെ സ്മരിക്കുന്ന നാളുകളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. റോമാ സാമ്രാജ്യാധിപത്യത്തിന്റെ ശക്തമായ പീഡനങ്ങളുടെ മദ്ധ്യേയാണ് യേശുവിന്റെ ജനനം. സാമ്രാജ്യാധിപത്യ താല്പര്യങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന വേർതിരിവുകളുടെ മധ്യത്തിൽ പലായനം ചെയ്യപ്പെട്ട ഒരു കുടുംബത്തിലെ അംഗമായി ദൈവപുത്രൻ ജനിച്ച് വളർത്തപ്പെടുന്നു. യേശുവിന്റെ ജനനം അസ്വസ്ഥപ്പെടുത്തിയത് ഹെരോദാവിനെയാണ്. അദ്ദേഹത്തിന്റെ അസ്വസ്ഥതയുടെ പ്രതിഫലനമാണ് റാമയിലെ കരച്ചിൽ എന്ന് വേദപുസ്തകം അടയാളപ്പെടുത്തുന്നു (മത്താ. 2:18). സാമ്രാജ്യത്വ ശക്തികളുടെ അസ്വസ്ഥതകൾ ദുരന്തം വിതറുന്ന ലോകത്തിൽ ക്രിസ്തുമസ് ഇന്നും പ്രതീക്ഷയുടെ പ്രതീകമാണ്. മനുഷ്യത്വം നഷ്ടപ്പെടുത്തുന്ന പ്രവൃത്തികൾ ഇന്നും വർദ്ധിച്ച് വരികയാണ്. മതത്തിന്റെയും ജാതിയുടെയും പേരിൽ പരസ്പരം കലഹിച്ച് ജീവനെടുക്കുമ്പോൾ, സാമ്രാജ്യ ശക്തികൾ കരുത്ത്കാട്ടി അപരന്റെ മേൽ അധീശത്വം സ്ഥാപിക്കുമ്പോൾ, യുദ്ധത്തിന്റെയും ഭീകരവാദത്തിന്റെയും പേരിൽ അനേകർ കൊല്ലപ്പെടുമ്പോൾ ഇല്ലാതെ പോകുന്നത് മനുഷ്യത്വമാണ്. നമ്മുടെ പരിസരങ്ങൾ നിലവിളികളാൽ മുഖരിതമാണ്. പലപ്പോഴും നിലവിളിക്കാൻ പോലും ആകാത്തവിധം മരവിപ്പുകൾ ഇന്ന് എല്ലാമേഖലകളിലും പടരുന്നു. നഷ്ടപ്പെട്ട മാനവികത വീണ്ടെടുക്കുവാനാണ് ക്രിസ്തു ജനനം നമ്മോട് ആഹ്വാനം ചെയ്യുന്നത്. പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രനാണ് ലോകത്തിന്റെ പ്രതീക്ഷ. ക്രിസ്തുമസ്സ് ഇവിടെ നമ്മോട് ഒരു തിരുത്തൽ ആവശ്യപ്പെടുന്നു. അശാന്തികളുടെയും അധിനിവേശങ്ങളുടെയും മദ്ധ്യേ ദൈവത്തിന്റെ പ്രതീക്ഷ നമ്മിലാണ്. നാം ഓരോരുത്തരും രക്ഷകനെ കാത്തിരിക്കുക എന്നതിലുപരി ലോകത്തിന്റെ രക്ഷയ്ക്കുള്ള സാധ്യതയായിത്തീരുകയാണ് ആവശ്യം. ദൈവം നമ്മിലൊരുക്കിയിട്ടുള്ള ആ വലിയ സാധ്യതയെ ലോകം ദർശിക്കുന്ന നവ്യാനുഭവമായി ഈ ക്രിസ്തുമസ് മാറട്ടെ എന്നാശംസിക്കുന്നു.

തലച്ചിറ ശാലേം മാർത്തോമ്മാ ഇടവകയുടെ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ഏതാനും വർഷങ്ങളിലെ അദ്ധ്വാനത്തിലൂടെ മനോഹരമായ ഒരു ദൈവാലയം നിർമ്മിക്കുവാൻ ഇടവകയ്ക്ക് സാധിച്ചു. കാലാകാലങ്ങളിൽ നേതൃത്വം നല്കിയ ഇടവക വികാരിമാരെയും, ചുമതലക്കാരെയും, കൈസ്ഥാന സമിതിയംഗങ്ങളെയും അഭിനന്ദിക്കുന്നു. പരുത്തിപ്പാറ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു. ചെറിയ ആരംഭത്തിലൂടെ ഇടവകയായി വളർന്ന് തിരുവനന്തപുരം നഗരത്തിന്റെ കവാടത്തിൽ ദേശത്തിന് സാക്ഷ്യമായി നിലകൊണ്ട അനുഭവങ്ങൾ അയവിറക്കുന്നതിനും ദൈവത്തെ സ്തുതിക്കുന്നതിനും ദൗത്യനിർവ്വഹണത്തിൽ പുനരർപ്പണം ചെയ്യുന്നതിനും ജൂബിലിയുടെ അവസരത്തിൽ ഇടവകയ്ക്ക് സാധ്യ

മായി. ഈ നാളുകളിൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട റവ. ജോർജ്ജ് ജോൺ (കുമ്പനാട്), റവ. എ. പി. ജേക്കബ് (ഓതറ) എന്നീ വൈദീകരുടെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവർ കുടുംബമായി വിവിധ ഇടവകകളിലും സ്ഥാപനകളിലും നിർവ്വഹിച്ചിട്ടുള്ള വ്യത്യസ്ഥമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തിന് നന്ദികരേറ്റാം. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഡിസംബർ മാസം ജനനപ്പെരുന്നാളിനു വേണ്ടിയും പുതുവത്സരത്തിനു വേണ്ടിയും നാം ഒരുങ്ങുന്ന സമയമാണല്ലോ. ഇരുപത്തിഅഞ്ച് നോമ്പും ക്രിസ്തുമസ് ആഘോഷങ്ങളുമെല്ലാം അർത്ഥപൂർണമായി ആചരിക്കുവാൻ നമുക്കു കഴിയണം. ഡിസംബർ 3 ഞായറാഴ്ച വേദപുസ്തക സമൂഹ (ബൈബിൾ സൊസൈറ്റി) ദിനമായി ആചരിക്കുന്നുവല്ലോ. ഗബ്രിയേൽ ദൂതനിലൂടെ വചനം ജഡം ധരിച്ച ദൈവപുത്രനെ ഉദരത്തിൽ വഹിക്കുന്നതിനുള്ള ദൈവിക നിയോഗം സ്വീകരിച്ച കന്യകമറിയം വയോധികയും മറ്റൊരു ദൈവിക അദ്ഭുതത്തിന്റെ അടയാളവുമായ എലീശബെത്തിനെ സന്ദർശിക്കുന്ന സന്ദർഭമാണ് സഭ ധ്യാനിക്കുന്നത്. വചനമാണ് പുതിയ സൃഷ്ടിയുടെ കാരണമായി തീരുന്നത്. ആദാമിൽ നിന്നും വ്യത്യസ്തമായ ഒരു മനുഷ്യകുലത്തിന്റെ പ്രഭവം യേശുക്രിസ്തുവിൽ നിന്നാണ്. യേശുവിനെ ഉദരത്തിൽ വഹിക്കുന്ന കന്യകമറിയാമിന്റെ സാന്നിധ്യം എലീശബെത്തിനെ പരിശുദ്ധാത്മപൂർണയാക്കി. യേശുവിനെ ദർശിക്കുന്നവർ ആനന്ദ നൃത്തം ചെയ്യുകയാണ്. ലോകത്തിനു സന്തോഷകാരണമായ വചനമായ യേശുവിനെ പങ്കുവയ്ക്കുന്ന വലിയ ശുശ്രൂഷയാണ് വേദപുസ്തക സമൂഹം നിർവ്വഹിക്കുന്നത്. സത്യ വചനത്തിന്റെ പ്രചരണത്തിലും വിതരണത്തിലും നമുക്കുള്ള കടപ്പാടുകൾ സ്മരിച്ചു, വേദപുസ്തകത്തോടുള്ള പ്രതിബദ്ധത പുതുക്കാൻ ഈ ദിനാചരണം നമ്മെ സഹായിക്കട്ടെ.

ഡിസംബർ 10 ഞായറാഴ്ച സ്നാപക യോഹന്നാന്റെ ജനനം സംബന്ധിച്ച ധ്യാനമാണ് സഭ നടത്തുന്നത്. യഹൂദ പാരമ്പര്യപ്രകാരം എട്ടാം ദിനത്തിൽ പരിച്ഛേദന കഴിപ്പാൻ വന്നപ്പോൾ നാമകരണവും നടത്തുകയാണ്. കുടുംബ പാരമ്പര്യപ്രകാരം അപ്പന്റെ പേരിട്ടു വിളിക്കാൻ ആണ് സമൂഹം ചിന്തിച്ചത്. എന്നാൽ കേവല പാരമ്പര്യത്തിനപ്പുറം അവനു യോഹന്നാൻ എന്നു പേരിടണമെന്ന് അവന്റെ അമ്മ നിർദേശിക്കുകയും മൗനിയായിരുന്ന സെഖര്യാവു ഒരു എഴുത്തുപലകയിൽ എഴുതി അതുറപ്പിക്കുകയും ചെയ്തു.യോഹന്നാൻ ദൈവകരുണയുടെ വലിയ അടയാളം ആയിരുന്നു. മൃതമായിരുന്ന സെഖര്യാവിന്റെയും എലീശബെത്തിന്റെയും ജൈവഘടനയിൽ മാത്രമല്ല, യഹൂദ സമൂഹത്തിന്റെ ആത്മിക ഘടനയിലും പുതിയ ജീവൻ പകരുന്നതായിരുന്നു യോഹന്നാന്റെ ജനനം. പുതിയ യുഗത്തിന്റെ ഉണർത്തു പാട്ടാണ് യോഹന്നാനിലൂടെ സമൂഹം കേട്ടത്. യോഹന്നാൻ ഉയർത്തിയ മാനസാന്തര സന്ദേശം സദാകാലത്തും സംഗതമായി നിലനിൽക്കുന്നു.

ഡിസംബർ 17 ഞായറാഴ്ച യോസേഫ് പിതാവിനോടുള്ള ദൈവിക അറിയിപ്പ് ധ്യാനിക്കുകയാണ്. ന്യായപ്രമാണം പാലിക്കുന്നതിലൂടെ മാത്രമല്ല, അപരനു ലോകാപവാദം വരുത്താതെ ഇരിക്കുന്നതിലൂടെയും താൻ നീതിമാൻ ആയിരുന്നു എന്ന് അദ്ദേഹം ലോകത്തോട് പറഞ്ഞുകൊണ്ടിരിക്കുന്നു. ആശയക്കുഴപ്പത്തിന്റെ ഉറക്കം കുറയുന്ന രാത്രി വേളയിൽ അദ്ദേഹം ദൈവശബ്ദം കേട്ടു. തന്നോടു സംസാരിച്ച ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഉറച്ച തീരുമാനങ്ങളെടുത്ത്, ദൃഢമായ കാൽവയ്പ്പുകൾ നടത്തി. ഔപചാരിക നീതിക്കപ്പുറം നീതി നിർവഹിക്കുവാനും, ദൈവിക ആലോചനകളെ ഉപാധികൾ കൂടാതെ സ്വീകരിക്കുവാനുമുള്ള വലിയ പ്രചോദനമാണ് യോസേഫ് പിതാവ് നൽകുന്നത്. ഈ നോമ്പുകാലത്ത്, ആധ്യാത്മികതയുടെ സജീവ മാതൃകയായി അദ്ദേഹത്തെ ദർശിക്കുവാൻ നമുക്കു കഴിയണം.

ഡിസംബർ 24 ഞായറാഴ്ച ക്രിസ്തുമസ് സംഭവത്തിന്റെ വിവരണം യോഹന്നാൻ ശ്ലീഹ നൽകുന്നതാണ് നാം ധ്യാനിക്കുന്നത്. യോഹന്നാൻ സുവിശേഷം രചിക്കുന്ന കാലത്ത് ആ വിവരണങ്ങൾ എല്ലാം തന്നെ സഭയിൽ എല്ലാവർക്കും പരിചിതമായിരുന്നിരിക്കണം. തന്റെ രചനാകാലത്തിനും പശ്ചാത്തലത്തിനും അനുയോജ്യമായ തരത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നത് ശ്രദ്ധേയമാണ്. വചനം ജഡം ധരിച്ച്, മനുഷ്യമദ്ധ്യത്തിൽ പാർത്തതാണ് ക്രിസ്തുസംഭവം. അവന്റെ നിറവിൽ നിന്നും നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണവും ശിക്ഷാവിധിയുമല്ല, കൃപയും സത്യവുമാണ് യേശുവിൽ നിന്നും നാം പ്രാപിക്കുന്നത്. ലോകത്തോട് ഈ ദൈവിക പ്രഭാവത്തെ അറിയിച്ചു കൊടുക്കുന്നതാണ് സഭയുടെ ദൗത്യം. ക്രിസ്തുമസ് കാല വിളമ്പരങ്ങൾ ഈ പ്രത്യാശയുടെ പ്രഘോഷണങ്ങളായി തീരട്ടെ.

ഡിസംബർ 31 ഞായറാഴ്ച വർഷാവസാന ജാഗരണത്തിന്റ ദിവസം ആണല്ലോ. 'ക്രിസ്തുവിനോടൊപ്പം പുതുവത്സരത്തിലേക്ക്' എന്നതാണ് ധ്യാനവിഷയം. ഗിരിപ്രഭാഷണത്തിലെ 'ഭാഗ്യവർണ്ണനകളാണ്' വിശുദ്ധ ഏവൻഗേലിയോൻ. ലോകത്തിന്റെ അളവുകോലുകളിൽ നിന്നും വ്യത്യസ്തമായ മൂല്യങ്ങളാണ് ഭാഗ്യകാരണങ്ങളായി വർണിക്കുന്നത്. വെട്ടിപ്പിടുത്തതിന്റെയും, സ്വാർത്ഥ ലാഭങ്ങളുടെയും ജീവിത വീക്ഷണങ്ങളല്ല, യേശുക്രിസ്തുവിന്റെ സഹന ഭാവത്തിന്റെയും ആർദ്രതയുടെയും പങ്കു വയ്ക്കലിലൂടെയാണ് ദൈവരാജ്യത്തിന്റെ പ്രജകളായി, അർത്ഥപൂർണമായി ജീവിക്കാൻ നമുക്കു കഴിയുന്നത്. പുതുവർഷം എല്ലാവർക്കും ദൈവരാജ്യ അനുഗ്രഹങ്ങൾ പ്രാപിക്കുന്ന സന്ദർഭങ്ങൾ ആയി തീരട്ടെയെന്ന് ആശംസിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

**ഏവർക്കും ക്രിസ്തുമസ് നവവത്സര ആശംസകൾ...**



പൂലാത്തീൻ — **ഡോ. തിയഡോഷ്യസ്**

28. 11. 2023 — **മാർത്തോമ്മാ മെത്രാപ്പോലീത്താ**